പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4558

18.05.2017 - ൽ മറുപടിക്ക്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | (എ) : വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 ജില്ലകളിലെ 11 വ്യവസായ വികസന മേഖലകളിലെ ആന്തരിക റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം പൊതു മാലിന്യ സംസ്കരണ പ്ലാന്റ്, പൊതു സേവന കേന്ദ്രം എന്നിവയുടെ വിപുലീകരണത്തിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സംരംഭങ്ങൾ നടത്തുന്നവർക്ക് അവരുടെ സ്ഥാപനം നിൽക്കുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിന് തീരുമാനമുണ്ടോ ; വിശദീകരിക്കാമോ ; | (ബി) : വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ / പ്ലോട്ടുകളിൽ സ്ഥലം അലോട്ട് ചെയ്തിരുന്നത് ഹയർ പർച്ചേസ് / ഔട്ട് റൈറ്റ് പർച്ചേസ് വ്യവസ്ഥയിലായിരുന്നു. ഇത്തരത്തിൽ ഭൂമി ലഭിച്ചവർ അനുവദിക്കപ്പെട്ട പദ്ധതി പ്രകാരവും ഉടമസ്ഥതയിൽ മാറ്റമില്ലാതെയും തുടരുന്ന പക്ഷം വ്യാവസായിക ഭൂമിയുടെനുസരണമായ നിബന്ധനകളോടെ പട്ടയം അനുവദിക്കാറുണ്ട്. പക്ഷേ 10/06/2013 മുതൽ അലോട്ടുമെന്റുകളും ഉടമസ്ഥത മാറ്റവും ലീസ് വ്യവസ്ഥയിലുള്ളതായതിനാൽ പട്ടയത്തിന് അർഹതയില്ല. |
| (സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ച പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങളെ ഒഴിവാക്കി പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുമോ ; വിശദീകരിക്കുമോ ? | (സി) : ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ചതും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതുമായ സംരംഭങ്ങളുടെ ഭൂമി നിയമപരമായി തിരിച്ചെടുത്ത് പുതിയ സംരംഭങ്ങൾക്ക് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.